LIBRARY ARCHIVES Kerala Legislative Assembly

നദികളുടെയും കായലുകളുടെയും സംരക്ഷണം

31 [1717] ശ്രീ. കോടിയേരി ബാലകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്ര വനം-പരിസ്ഥിതി മന്ത്രികാര്യാലയം നടപ്പിലാക്കി വരുന്ന നദികളുടെയും കായലുകളുടെയും സംരക്ഷണത്തിനായുള്ള പദ്ധതിയിൻകീഴിൽ സംസ്ഥാനത്തെ ഏതെല്ലാം നദികളും കായലുകളും സംരക്ഷിക്കുന്നതിനാണ് പദ്ധതി ആവിഷ്കരിച്ചിട്ടുള്ളതെന്ന് വെളിപ്പെടുത്താമോ;

(ബി) ഈ ഇനത്തിൽ ഇതിനകം കേരളത്തിന് എത്ര കോടി രൂപയുടെ പദ്ധതി നടപ്പിലാക്കാൻ കഴിഞ്ഞു; എത്ര കോടിയുടെ പദ്ധതികൾ ആവിഷ്കരിക്കുകയുണ്ടായി;

(സി) പദ്ധതികൾ സമയബന്ധിതമായി നടപ്പിലാക്കി കേന്ദ്ര സഹായം പൂർണ്ണമായും നേടിയെടുക്കാൻ കഴിയാതെ പോയത് എന്തുകൊണ്ടാണെന്ന് വെളിപ്പെടുത്താമോ;

(ഡി) മലിനീകരണവും മണൽ വാരലും മറ്റ് പരിസ്ഥിതി പ്രശ്നങ്ങളും അഭിമുഖീകരിച്ചുകൊണ്ടിരിക്കുന്ന എത്ര നദികളും കായലുകളുമാണ് കേരളത്തിലുള്ളത് എന്ന് വിശദമാക്കുമോ?

ഉത്തരം

(എ ആന്റ് ബി) സംസ്ഥാനത്തെ 10 പ്രധാന നദികൾ (കരമനയാർ, കല്ലടയാർ, അച്ചൻകോവിലാറ്, പമ്പ, മൂവാറ്റുപുഴ, പെരിയാർ, ചാലക്കുടിയാർ, ഭാരതപ്പുഴ, ചാലിയാർ, വളപട്ടണം) മാലിന്യവിമുക്തമാക്കുന്നതിനുവേണ്ടി 2567 കോടി രൂപ മതിപ്പു ചെലവുള്ള കർമ്മ പദ്ധതിയുടെ പ്രൊപ്പോസൽ സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ് കേന്ദ്ര സർക്കാരിന്റെ വനം-പരിസ്ഥിതി മന്ത്രാലയത്തിന് 1997-ൽ സമർപ്പിക്കുകയുണ്ടായി. അതിൽ പമ്പാ ആക്ഷൻ പ്ലാനിന് കേന്ദ്ര സർക്കാർ തത്വത്തിൽ അംഗീകാരം നൽകിയതിന്റെ അടിസ്ഥാനത്തിൽ 320 കോടി രൂപയുടെ വിശദമായ റിപ്പോർട്ട് തയ്യാറാക്കി വീണ്ടും കേന്ദ്ര സർക്കാരിന് സമർപ്പിക്കുകയും, കേന്ദ്ര സർക്കാർ അത് അംഗീകരിക്കുകയും 70% തുക സഹായധനമായി വാഗ്ദാനം ചെയ്യുകയും ആദ്യ ഘട്ടം നടപ്പിലാക്കാനായി 18.45 കോടി രൂപ 2003 നവംബറിൽ

അനുവദിക്കുകയും ചെയ്തിട്ടുണ്ട്. ശാസ്താംകോട്ട തടാകത്തിന്റെയും അഷ്ടമുടിക്കായലിന്റെയും ശാസ്ത്രീയ വിനിയോഗത്തിനും സംരക്ഷണത്തിനുംവേണ്ടി കേരള സർക്കാർ സമർപ്പിച്ച ആക്ഷൻ പ്ലാൻ കേന്ദ്ര പരിസ്ഥിതി മന്ത്രാലയം അംഗീകരിക്കുകയും 2002-03-ൽ പദ്ധതിയുടെ നടത്തിപ്പിനായി യഥാക്രമം 12.12 ലക്ഷവും 33.33 ലക്ഷവും രൂപ അനുവദിക്കുകയും ചെയ്തിട്ടുണ്ട്. പദ്ധതി നടപ്പിലാക്കുന്നതിനായി കൊല്ലം ജില്ലാ കളക്ടർ ചെയർമാനായി ഒരു കർമ്മ സമിതി രൂപീകരിച്ചിട്ടുണ്ട്.

(സി) പമ്പാ ആക്ഷൻ പ്ലാനിന് ആദ്യഘട്ടമായി 18.45 കോടി രൂപ കേന്ദ്ര സർക്കാർ അനുവദിച്ചിട്ടുണ്ട്. ശാസ്താംകോട്ട തടാകത്തിലെയും അഷ്ടമുടിക്കായലിലെയും പദ്ധതികളുടെ നടത്തിപ്പിനായി 2002-03 സാമ്പത്തിക വർഷത്തിൽ യഥാക്രമം 12.12 ലക്ഷവും 33.33 ലക്ഷവും രൂപ അനുവദിച്ചിട്ടുണ്ട്.

(ഡി) കേരളത്തിലെ ഏതാണ്ട് എല്ലാ നദികളും കായലുകളും ഒരു തരത്തിൽ അല്ലെങ്കിൽ മറ്റൊരു തരത്തിൽ പരിസ്ഥിതി പ്രശ്നങ്ങളെ നേരിടുന്നുണ്ട്. ഇവയിൽ കോളിഫോം ബാക്ടീരിയായുടെ അളവ് കൂടുതലായി കണ്ടുവരുന്നു.

നദികളിലെയും കായലുകളിലെയും വെള്ളം മലിനമാകുന്നത് സംബന്ധിച്ച്

32 [1718] ശ്രീ. ടി. എൻ. പ്രതാപൻ:
„ എഴുകോൺ നാരായണൻ:
„ ജോർജ്ജ് ജെ. മാത്യു:
„ പി. ജെ. ജോയി:
„ സി. പി. മുഹമ്മദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഏതെല്ലാം നദികളിലെയും കായലുകളിലെയും വെള്ളം പരിസ്ഥിതി മലിനീകരണംമൂലമോ മറ്റു വിധത്തിലോ മലിനമായിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ;

(ബി) ഇവയിലെ വെള്ളം മാലിന്യ വിമുക്തമാക്കുവാൻ എന്തെങ്കിലും പദ്ധതിയുണ്ടോ; എങ്കിൽ പ്രസ്തുത പദ്ധതികളുടെ ഇപ്പോഴത്തെ അവസ്ഥയെന്താണെന്ന് വ്യക്തമാക്കുമോ;

(സി) ഈ നദികളിലെയും കായലുകളിലെയും വെള്ളം മാലിന്യ വിമുക്തമാക്കുന്നതിനുള്ള പദ്ധതി കേന്ദ്ര സർക്കാരിന് സമർപ്പിച്ചിട്ടുണ്ടോ?

LIBRARY ARCHIVES Kerala Legislative Assembly